# കേര കർഷകർ ധർണ്ണ നടത്തി




കൊച്ചി: നീര ഉത്പാദിപ്പിക്കുന്ന നാളികേര കർഷകരോട് സർക്കാർ കാട്ടുന്ന അവഗണനയിലും വാഗ്ദാന ലംഘനത്തിലും പ്രതിഷേധിച്ച് നാളികേര വികസന ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന 19 കേരോത്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ജില്ലാ കളക്ടറേറ്റുകളിൽ ധർണ്ണ നടത്തി. രാഷ്ട്രീയപാർട്ടികളുടെ സഹായില്ലാതെ തന്നെ മികച്ച സംഘടിത ശക്തിയായി മാറിക്കഴിഞ്ഞ കേരകർഷകരുടെ കൂട്ടായ്മയ്ക്ക് പൂർണ്ണപിന്തുണ ലഭ്യമാക്കുമെന്ന് കൊല്ലം ജില്ലയിലെ ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് കർഷകസംഘത്തിന്റെ സംസ്ഥാന ജോയിന്റ് സെക്രട്ടറി ജോർജ്ജ് മാത്യു പറഞ്ഞു. മലപ്പുറത്തും, അയ്യായിരം കർഷകർ പങ്കെടുത്ത കണ്ണൂരിലെ ധർണ്ണയിലും കർഷകർ ചിരട്ട കൊട്ടിയാണ് ജാഥയിൽ പങ്കെടുത്തത്. മുഖ്യമന്ത്രിയും ജില്ലയിലെ മറ്റ് രണ്ടു മന്ത്രിമാരുമായും ചർച്ച നടത്തി പ്രശ്നപരിഹാരമുണ്ടാക്കുമെന്ന് പേരാവൂർ എംഎൽഎ അഡ്വ. സണ്ണി ജോസഫ് കണ്ണൂരിലെ ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.

ആലപ്പുഴ കണ്ണൻ വർക്കി പാലത്തിൽ നിന്നും ജാഥയായി ആലപ്പുഴ കളക്ടറേറ്റിൽ എത്തിയ ധർണ്ണ കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അഡ്വ. പ്രിയേഷ് കുമാർ ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിലെ ധർണ്ണ കൺസോർഷ്യത്തിന്റെ ജനറൽ സെക്രട്ടറി നാസർ പൊന്നാട് ഉദ്ഘാടനം ചെയ്തു. നീര സംഭരണവും സംസ്കരണവും നടത്തുന്നതിന് 2013-14 ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാന്റ്, പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് കമ്പനികൾക്ക് കൈമാറുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നത് ഇതുവരെ നടപ്പിൽ വരുത്താതിരിക്കുകയും ഈ തുക ലാപ്സാവുകയും ചെയ്ത സാഹചര്യത്തിലാണ് കൺസോർഷ്യം സമരത്തിനിറങ്ങിയതെന്ന് ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു.